(ബി) ഉണ്ടെങ്കിൽ എന്ത് കാര്യത്തിനാണ് അവരെ സസ്പെന്റ് ചെയ്തത്; അവരുടെ പേരും കേസ്സിന്റെ വിശദവിവരവും വെളിപ്പെടുത്തുമോ;

(സി) ജനുവരി 10-ന് സെക്രട്ടേറിയറ്റിൽ നടന്ന സംഭവങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വിധത്തിലുള്ള അന്വേഷണം സർക്കാർ നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അന്വേഷണം നടത്താതിരിക്കാനുള്ള കാരണം എന്താണ്;

(ഇ) സസ്പെന്റ് ചെയ്യപ്പെട്ടവർക്ക് ചാർജ്ജ് മെമ്മോ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു കാരണമെന്താണ്;

(എഫ്) സസ്പെന്റ് ചെയ്യപ്പെട്ടവർക്ക് ചാർജ്ജ് മെമ്മോ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ജനുവരി 10-ന് ഓഫീസിൽ ഹാജരായി മന്ത്രിമാരുടെ സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുകയും ക്രമസമാധാന പ്രശ്നമുണ്ടാക്കുകയും നോർത്ത് ബ്ലോക്കിലെ ഷട്ടർ അകത്തുനിന്നു പൂട്ടുകയും മെറ്റൽ ഡിറ്റക്ടർ കേടു വരുത്തുകയും ചെയ്ത കുറ്റത്തിന് താഴെപ്പറയുന്ന 4 ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

1. ശ്രീ. ജി. ജയകുമാർ
2. ശ്രീ. പി. ചന്ദ്രൻ
3. ശ്രീ. റ്റി. അനിൽകുമാർ
4. ശ്രീ. കെ. സതീശൻ.

(സി) പോലീസ് അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

(ഇ&എഫ്) നടപടി സ്വീകരിച്ചുവരുന്നു.

സർക്കാർ ഉദ്യോഗസ്ഥർക്കുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിം തിരിച്ചയച്ച നടപടി

2 (1697) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥൻമാർക്കും അവരുടെ ആശ്രിതർക്കും രോഗ ചികിത്സയ്ക്ക് നേരിടേണ്ടതായിവരുന്ന ചെലവ് റീ-ഇമ്പേഴ്സ് ചെയ്തു കൊടുക്കുവാൻ വ്യവസ്ഥയുണ്ടോ;

(ബി) ഈ വ്യവസ്ഥ പ്രകാരം സമർപ്പിക്കുന്ന ക്ലെയിമുകൾ ടൈം ബാർഡ് ആകുന്നത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രതിപക്ഷ നേതാവിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. കെ. ജി. ഗോപാലകൃഷ്ണൻ ആശാരിയുടെ ഭാര്യയെ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സിച്ചതിനുള്ള ചെലവ് സംബന്ധിച്ച് 22-10-1999-ൽ സമർപ്പിച്ച ക്ലെയിം ടൈം ബാർഡ് എന്ന് പറഞ്ഞ് തിരിച്ച് നൽകിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത ക്ലെയിം എപ്രകാരമാണ് ടൈം ബാർഡ് ആയതെന്ന് വിശദീകരിക്കുമോ ;

(ഇ) 25-9-1995-ൽ 8522/ജി2/95/ആ.കു.വ. എന്ന സർക്കുലർ ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവച്ചിട്ടുണ്ടോ ;

(എഫ്) പ്രസ്തുത ഉത്തരവ് അനുസരിച്ച് ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ആശ്രിതന്റേയോ ചികിത്സാചെലവുകൾ ക്ലെയിം ചെയ്യുന്നതിനുള്ള രേഖകൾ സമർപ്പിക്കേണ്ട അവസാന തീയതി എന്നാണ് ; ശ്രീ. കെ. ജി. ഗോപാലകൃഷ്ണൻ ആശാരി 22-10-1999-ൽ സമർപ്പിച്ച രോഗചികിത്സചെലവ് റീ-ഇമ്പേഴ്സ് ചെയ്തുകിട്ടുന്നതിനുള്ള അപേക്ഷയോടൊപ്പം വച്ചിരുന്ന എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റിലും ബില്ലുകളിലും ബന്ധപ്പെട്ട ഡോക്ടർ ഒപ്പിട്ടിരുന്നതെന്നാണ് ;

(ജി) 25-9-1995 -ലെ 8522/ജി2/95/ആ.കു.വ. എന്ന സർക്കുലർ ഉത്തരവിന്റെ വെളിച്ചത്തിൽ ശ്രീ. കെ. ജി. ഗോപാലകൃഷ്ണൻ ആശാരി 22-10-1999-ൽ സമർപ്പിച്ച ചികിത്സാ ചെലവ് റീ-ഇമ്പേഴ്സ് ചെയ്തുകിട്ടുന്നത് സംബന്ധിച്ച അപേക്ഷ ടൈം ബാർഡ് എന്ന് പറഞ്ഞ് തിരിച്ച് നൽകിയത് ക്രമാനുസൃതമായിരുന്നുവോ ; അല്ലാത്തപക്ഷം അപ്രകാരം പ്രസ്തുത അപേക്ഷ തിരിച്ചു നൽകുന്നതിന് ഉത്തരവാദികളായവരുടെ മേൽ എന്ത് നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് പറയുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന ക്ലെയിമുകളാണ് ടൈം ബാർഡ് ആകുന്നത്.

(സി) ഉണ്ട്.

(ഡി) സമയപരിധി കഴിഞ്ഞ് ലഭിച്ചതുകൊണ്ടാണ് ടൈം ബാർഡ് ആയത്.

(ഇ) ഉണ്ട്

(എഫ് & ജി) അപേക്ഷകൻ നൽകിയ ക്ലെയിമും മറ്റു രേഖകളും അദ്ദേഹത്തിന് തന്നെ തിരിച്ച് നൽകിയ സാഹചര്യത്തിൽ ഇത് സംബന്ധിച്ച വിശദവിവരം സർക്കാരിൽ ഇപ്പോൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly